## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം. *769**

**08/11/2016 ൽ**
**മറുപടിയ്ക്ക്**

### ഖാദി മേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാൻ നടപടി

**ചോദ്യം**
**ശ്രീ.റ്റി.വി.രാജേഷ്**
**ശ്രീ.എം.രാജഗോപാലൻ**
**ശ്രീ.സി.കെ.ഹരീന്ദ്രൻ**
**ശ്രീ.എം.മുകേഷ്**

**ഉത്തരം**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഖാദി മേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും | നിലവിൽ ഖാദി തൊഴിലാളികൾക്ക് 08/01/2010 മുതൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഉല്പാദന ഇൻസെന്റീവ്, ഉത്സവബത്ത,ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ, ESI പരിരക്ഷ, ഇൻഷ്വറൻസ് പരിരക്ഷ, മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസിൽ നിന്നും ലഭിക്കുന്ന വിഹിതം തുടങ്ങിയ സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ഇതര തൊഴിൽമേഖലയുമായി താരതമ്യം ചെയ്യുമ്പോൾ പരമ്പരാഗത വ്യവസായമായ ഖാദിയിൽ കൂലി കുറവാണെങ്കിലും മറ്റു ക്ഷേമ ആനുകൂല്യങ്ങൾ വളരെ മെച്ചപ്പെട്ട നിലയിൽ നൽകി വരുന്നതിനാൽ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഖാദിയുടെ വില നിലവാരം നിശ്ചയിക്കുന്ന കോസ്റ്റ് ചാർട്ട് പരിഷ്കരിച്ചു കൊണ്ട് 2/10/2016 മുതൽ ഖാദി തൊഴിലാളികളുടെ വേതനത്തിൽ 40% മുതൽ 60% വരെ വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ജീവിത സൂചിക ഉയരുന്നതിനനുസരിച്ച് മിനിമം വേതന പ്രകാരമുള്ള ക്ഷാമബത്ത നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത തൊഴിലാളികളുടെ മിനിമം വേതനം ഉയർത്തി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | | |

| | | | |
|---|---|---|---|
| | | | ഖാദി മേഖല ശക്തിപ്പെടുത്തുന്നതിന് ആധുനികവൽക്കരണവും മാർക്കറ്റിംഗും ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. 2016-17 വർഷം ഓണം വരെ 84 കോടി രൂപയുടെ വില്പന ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണം, ഖാദി ഉല്പന്നങ്ങൾക്ക് വിപുലമായ പ്രചാരണം, ബ്രാന്റ് മാർക്കറ്റിംഗ്, തേനീച്ച വളർത്തൽ വ്യവസായ വികസനം, ഗ്രാമീണ വ്യവസായങ്ങളുടെ യൂണിറ്റ് ശക്തിപ്പെടുത്തൽ, റെഡിമെയ്ഡ് വസ്ത്ര യൂണിറ്റ്, ഗ്രാമീണ എണ്ണയാട്ട് യൂണിറ്റ് തുടങ്ങിയവ ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. മിനിമം വേതനം ഉയർത്തുന്നത് സംബന്ധിച്ച ഖാദി ബോർഡിന്റെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഖാദി ഉല്പാദന മേഖലയിൽ പ്രീ-പ്രോസസ്സിംഗിന് സെമി ആട്ടോമേഷൻ, സോളാർ വൈദ്യുതി ഉപയോഗിച്ചുള്ള ചെറുയന്ത്രങ്ങൾ എന്നിവ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;വിശദാംശം നൽകുമോ ? | (സി) | ഖാദി ഉല്പാദന മേഖലയിൽ പ്രീ-പ്രോസസിംഗിന് ഭാഗികമായി യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. സോളാർ വൈദ്യുതി പ്രയോജനപ്പെടുത്തി തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും ഉല്പാദന വർദ്ധനവിനും ഉതകുന്ന സാങ്കേതിക പരിഷ്കാരങ്ങൾക്ക് IIT ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതി ആവിഷ്കരിക്കുന്നതാണ്. |

Smitha

സെക്ഷൻ ഓഫീസർ